ഗവ. എം. എസ്. എൽ. പി. എസ്
റാന്നി. വൈക്കം
2025-26

# അക്കാദമിക് മാസ്റ്റർപ്ലാൻ

സ്കൂളിന്റെ പേര് → ഗവ. എം. എസ്. എൽ. പി
എസ് റാന്നി വൈക്കം

വിദ്യാഭ്യാസ ഉപജില്ല → റാന്നി

വിദ്യാഭ്യാസ ജില്ല → പത്തനംതിട്ട

പഞ്ചായത്ത് → റാന്നി

ബ്ലോക്ക് പഞ്ചായത്ത് → റാന്നി

ഹെഡ്മാസ്റ്ററിന്റെ പേര് → രാജീവ് എം ആർ

ഫോൺ നമ്പർ → 9207339868

## ആമുഖം

റാന്നി താലൂക്കിൽ റാന്നി പഞ്ചായത്തിൽ അഞ്ചാം വാർഡിൽ ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. റാന്നി വടശ്ശേരിക്കര റോഡിൽ ഇടതുവശത്തായി മന്ദിരം വാലച്ചുവട് ജംഗ്ഷനിലാണ് ഈ സ്കൂൾ. ഈ സ്കൂളിൽ ഇപ്പോൾ 26 കുട്ടികൾ പഠിക്കുന്നു. നിർധനരായ കുട്ടികളാണ് ഇവിടെ പഠിക്കുന്നതെങ്കിലും കലാ-കായിക മേളകളിലും പ്രവൃത്തിപരിചയമേളകളിലും കഴിവ് തെളിയിച്ചവരാണ് ഇവിടുത്തെ കുട്ടികൾ. ഇവിടുത്തെ പൂർവ്വ-വിദ്യാർത്ഥികളിൽ പലരും ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നവരാണ്. കളിസ്ഥലമില്ലാത്തതും സ്വന്തമായി ഭൂമി ഇല്ലാത്തതുമാണ് ഇവിടുത്തെ ഏക പോരായ്മ.

## വിദ്യാലയ ചരിത്രം

1918 ആഗസ്റ്റ് മാസം 26-ാം തീയതി സരസ കവി ശ്രീ മൂലൂർ എസ് പത്മനാഭപണിക്കർ ശ്രീ നാരായണ ഗുരുദേവന്റെ നാമധേയത്തിൽ സ്ഥാപിച്ചു. അന്ന് ഒരു ഓല ഷെഡ് മാത്രമാണുണ്ടായിരുന്നത്.

അക്കാലത്ത് ഈ പ്രദേശത്ത് വിദ്യാലയങ്ങൾ ഇല്ലായിരുന്നു. ചുരുക്കം ചിലർ ദൂരസ്ഥലങ്ങളിൽ പോയി പഠിച്ചിരുന്നു. അക്കാലത്ത് പിന്നോക്കജാതിയിൽപ്പെട്ടവർക്ക് പഠിക്കാനുള്ള അവസരം

ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ശ്രീ മൂലൂർ എസ് പത്മനാഭ പണിക്കർ സ്ഥാപിച്ച 51 വിദ്യാലയങ്ങളിൽ ഒന്നാണ് ഈ സ്കൂൾ.

സ്കൂളിനാവശ്യമായ ഒരേക്കർ 50 സെന്റ് സ്ഥലം തൈക്കോചരുവിൽ കുടുംബക്കാരും തടത്തേൽ കുടുംബക്കാരും സംഭാവന നൽകി. സ്കൂൾ ഷെഡ് സ്ഥാപിക്കുന്നതിനുവേണ്ടി തടി, ഓല മുതലായവ നാട്ടുകാർ സംഭാവന നൽകി. സമീപവാസികൾ സ്കൂൾ നിർമ്മാണത്തിന് ശ്രമദാനം നടത്തുകയുണ്ടായി.

1918 ൽ 40 കുട്ടികളുമായി വിദ്യാലയം ആരംഭിച്ചു. എസ്.സി, എസ്.ടി പങ്കാളിത്തം ഉണ്ടായിരുന്നു. തുടക്കത്തിൽ 1, 2 ക്ലാസുകൾ ആരംഭിച്ചു. ക്രമേണ ഏഴാം ക്ലാസുവരെ ഉയർന്നു.

1948 ഫെബ്രുവരി 13-ാം തീയതി സർ. സി. പി യുടെ ഭരണകാലത്ത് ഒരു ചക്രം പ്രതിഫലം പറ്റിക്കൊണ്ട് തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിന് പ്രൈമറി വിഭാഗം കൈമാറി. 1961-62 സ്കൂൾ വർഷത്തിൽ ഇവിടെ 390 കുട്ടികൾ പഠിച്ചിരുന്നു. സ്കൂൾ കെട്ടിടത്തിന്റെ ഭിത്തി ഉയർത്താൻ പട്ടിക ഓട്, ഇളക്കി സ്ഥാപിക്കൽ ഇവ രക്ഷാകർത്തൃസമിതിയുടെ സഹായത്തോടെ പലഘട്ടങ്ങളായി ചെയ്തിട്ടുണ്ട്. സ്ക്രീൻ ഉപയോഗിച്ച് ക്ലാസുകളും തിരിച്ചിട്ടുണ്ട്.

രക്ഷാകർത്തൃ സമിതിയുടെ മേൽ നോട്ടത്തിൽ സ്ഥലം സൗകര്യപ്പെടുത്തി സ്ഥലവാസിയായ ശ്രീ കെ വി തോമസിന്റെ ധനസഹായത്താൽ ഒരു പാചകപ്പുരയുടെ പണി കഴിപ്പിച്ചിട്ടുണ്ട്. ഒരു മുറി ഉച്ചഭക്ഷണം പാകപ്പെടുത്താൻ ഉപയോഗിക്കുന്നു. ബാക്കി ഭാഗം പഞ്ചായത്തിന്റെ സഹായത്തോടെ രക്ഷാകർത്തൃസമിതിയുടെ സഹകരണത്തിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുകയുണ്ടായി. സർക്കാർ ധനസഹായം ഉപയോഗിച്ച് കിണറ്റിൽ നിന്ന് ജലവിതരണ പദ്ധതി നടപ്പിലാക്കി. വേനൽക്കാല ജലദൗർലഭ്യം മാറ്റുന്നതിന് കിണറ്റിൽ കുഴൽക്കിണർ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ചു. സ്കൂൾ ഓഫീസ് മുറി വൈദ്യുതീകരിച്ചു. തുടർന്ന് എസ്. എസ്. എ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടം വൈദ്യുതീകരിച്ചു. എസ്. എസ്. എ മുഖേന കുടിവെള്ള പദ്ധതി നടപ്പാക്കി. പഞ്ചായത്തിൽ നിന്നും ലഭിച്ച വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ മുഖേന സ്കൂൾ വെള്ളം ലഭിക്കുന്നുണ്ട്.

2011-12 ൽ എസ്. എസ്. എ യിൽ നിന്നും 6,81,000 രൂപ ലഭിക്കുകയുണ്ടായി. ഇതുപയോഗിച്ച് സ്കൂളിന്റെ ഓഫീസ് മുറി ഒഴികെയുള്ള ഭാഗം ബലവത്തും ആകർഷകവുമാക്കി. 2013-14 ൽ നന്നി എം. എൽ. എ യുടെ പ്രാദേശിക വികസന ഫണ്ട് 27 ലക്ഷം രൂപ ഉപയോഗിച്ച് ഇരുനിലയുള്ള ഓഫീസ് കെട്ടിട സമുച്ചയം നിർമ്മിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ ഓരോ ടോയിലറ്റുകൂടി ലഭിക്കുകയുണ്ടായി.

റാന്നി ഗ്രാമപഞ്ചായത്തിൽ നിന്ന്

അടുക്കളയിലേക്ക് പാചകാവശ്യത്തിന് ആവശ്യമായ പാത്രങ്ങൾ, സ്കൂളിലേക്കാവശ്യമായ അലമാരകൾ റാക്കുകൾ, ഓഫീസ് മേശകൾ, കസേരകൾ എന്നിവയും പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയും ലഭിച്ചിട്ടുണ്ട്. അടുക്കളയിൽ വാഷ് ബേസിൻ ഫിറ്റുചെയ്യുകയും സോക്ക്പിറ്റുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിന്റെ സ്റ്റേജ് ഉൾപ്പെടുന്ന ഭാഗത്തെ തറ ടൈൽ ഇട്ട് ഭംഗിയാക്കുകയും ചെയ്തിട്ടുണ്ട്.

---

ഈ സ്കൂളിലെ ഒന്നാമത്തെ വിദ്യാർത്ഥി ശ്രീ എം. ജി വർഗ്ഗീസ് പ്രഗത്ഭനായ ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ശ്രീ ഗോപാലകൃഷ്ണൻ ആൾ ഇന്ത്യാ സയൻസ് അഡ്വൈസർ, രാമചന്ദ്രൻ പി ആർ അക്കൗണ്ട് ജനറൽ ഓഫീസർ, ജി. ആർ രാധാമണി ഡെപ്യൂട്ടി അക്കൗണ്ട് ജനറൽ ഓഫീസർ ഫിലിപ്പ് മാത്യു പ്രസിഡന്റ് ഹോട്ടൽ കൊച്ചി, ശ്രീ തങ്കപ്പൻ സെയിൽ ടാക്സ് ഓഫീസർ ഇവർ പൂർവ്വവിദ്യാർത്ഥികളാണ്.

# കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ജനറൽ | | പട്ടിക ജാതി | | പട്ടിക വർഗ്ഗം | | ഒ ബി സി | | ഒ ഇ സി | | ആകെ | | ഐ ഇ ഡി | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G |
| I | 1 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 2 | 0 | 0 | 0 |
| II | 1 | 0 | 1 | 0 | 0 | 0 | 1 | 1 | 0 | 0 | 3 | 1 | 0 | 0 |
| III | 0 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 2 | 4 | 0 | 0 |
| IV | 0 | 3 | 2 | 0 | 0 | 0 | 4 | 1 | 0 | 0 | 6 | 4 | 0 | 0 |

# പ്രീ- പ്രൈമറി കുട്ടികളുടെ എണ്ണം

| ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|
| 7 | 4 | 11 |

# ജീവനക്കാരുടെ വിവരങ്ങൾ

| പേര് | തസ്തിക | വിദ്യാഭ്യാസയോഗ്യത |
|---|---|---|
| ശ്രീ. രാജീവ്. എം. ആർ | ഹെഡ്മാസ്റ്റർ | BA, TTC |
| ശ്രീമതി. സ്നേഹ സുരേഷ് | എൽ. പി. എസ്. റ്റി | BA, TTC |
| ശ്രീമതി. ലത. എം. സി | എൽ. പി. എസ്. റ്റി | BSc, TTC |
| ശ്രീമതി. ജാസ്മിനി. വി. ജെ | എൽ. പി. എസ്. റ്റി | BA, TTC |
| ബിന്ദു | പി. ടി. സി. എം | |
| രാധമ്മ | പാചകത്തൊഴിലാളി | |

## അക്ഷരവെളിച്ചം

സ്കൂളിലെ എല്ലാ കുട്ടികളുടെയും വായനശേഷി ഉയർത്തുന്നതിനായി നൽകിയ ഒരു പ്രവർത്തനമാണ് അക്ഷരവെളിച്ചം. ഇതിന്റെ ഭാഗമായി അക്ഷരമരം നിർമിക്കുകയും ലഘുപദങ്ങളടങ്ങിയ വായനസാമഗ്രികൾ തയാറാക്കുകയും ചെയ്തു. ഇവ വായിക്കുവാനുള്ള അവസരം നൽകി കുട്ടികളുടെ വായനശേഷി വർദ്ധിപ്പിക്കുന്നു.

## മലയാളത്തിളക്കം

3, 4 ക്ലാസ്സുകളിലെ ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അടിസ്ഥാന ഭാഷാശേഷി നേടുന്നതിനായി നടപ്പിലാക്കി വരുന്ന പഠനപ്രവർത്തനമാണ് 'മലയാളത്തിളക്കം'. 3, 4 ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പ്രീടെസ്റ്റ് നടത്തി ഭാഷാശേഷിയിൽ പിന്നോക്കക്കാരെ കണ്ടെത്തി 'മലയാളത്തിളക്കം' കൈപ്പുസ്തകം ആധാരമാക്കി കുട്ടിപ്പാട്ടുകളിലൂടെയും കളികളിലൂടെയും ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികൾ തന്നെ അവരുടെ തെറ്റുകൾ വിലയിരുത്തി തിരുത്തുന്നതിലൂടെ ഭാഷാപഠനം കൂടുതൽ സ്വായത്തമാകുന്നു.

## ഉല്ലാസഗണിതം

ഗണിതപഠനം കുട്ടികൾക്ക് രസകരവും ആയാസരഹിതവുമാക്കാനുള്ള ഉല്ലാസഗണിത പ്രവർത്തനങ്ങൾ I, II ക്ലാസുകളിലായി നടത്തിവരുന്നു.

## വായനച്ചങ്ങാത്തം

സ്വതന്ത്രവായനാപരിപോഷണ പരിപാടിയായ വായനച്ചങ്ങാത്തം ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ നടത്തിവരുന്നു. സ്വതന്ത്രവായന, അധികവായന തുടർവായന എന്നിവ ലക്ഷ്യമിട്ട് നടത്തിയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾക്കും അവസരം നൽകുന്നു. സ്വന്തം രചനകളുമായി പങ്കെടുത്ത അമ്മമാർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നു.

## ഗണിതവിജയം

ഗണിതപഠനം ആയാസരഹിതമാക്കുവാൻ 3, 4 ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്ന ഗണിത പ്രവർത്തനങ്ങളാണ് ഗണിതവിജയം. ചതുഷ്ക്രിയകൾക്കായുള്ള ഗണിതപ്രവർത്തനങ്ങൾ പസിലുകൾ, മനക്കണക്കുകൾ ഇവയിലൂടെ മികവുകൾ പ്രതീക്ഷിച്ച് ഗണിതവിജയം പരിപാടി മുന്നോട്ടുപോകുന്നു.

## നിപുൺ മാത്

മൂന്നാം ക്ലാസിലെ ഗണിതപഠനം പരിപോഷിപ്പിക്കുന്നതിനായി നടത്തിവരുന്ന ഗണിത പരിപോഷണ പരിപാടിയാണിത്.

അക്കാദമികം    മലയാളം ഭാഷ    സ്കൂൾതലം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളത്തിളക്കം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br>• പ്രത്യേക പരിശീലനം നൽകൽ<br>• ആവശ്യസാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ. | SRG<br>ക്ലാസ്ടീച്ചർ | |
| വായിക്കാം വായിച്ചു വളരാം | വായനാശേഷി വളർത്തൽ | • ക്ലാസ് വായനക്കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ<br>• സാഹിത്യകാരന്മാരെ പരിചയപ്പെടൽ. | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | CPTA |
| കണ്ടറിയാം..... കേട്ടറിയാം.... | അറിവ് ബോധ്യു- മെന്തറിയിലൂടെ നേടൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | CPTA |
| രുചിച്ചറിയാം | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | • ക്ലാസ്സിലൊരു ഭക്ഷ്യമേള<br>• പാചകക്കുറിപ്പ് പതിപ്പാക്കൽ | വർഷത്തിലൊന്ന് | SRG | PTA |
| സർഗ്ഗോത്സവം | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷാവസാനം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

മേഖല : അക്കാദമികം ഗണിതം സ്കൂൾതലം

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കളിക്കാം... ഗണിക്കാം | ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധ കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ മൂല്യനിർണയം<br>• എണ്ണിയും ചാടിയും<br>• വയസ് കളി<br>• കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| ഒറിഗാമി | ഗണിതപഠനം രസകരമാക്കൽ, കൈ ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | മാസത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | CPTA |
| ഗണിതലാബ് | ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM ക്ലാസ്ടീച്ചർ SRG | CPTA |
| ഗണിതമൂല | ഗണിത രൂപങ്ങൾ മോഡലുകൾ സംഖ്യാചക്രം, തുടങ്ങിയവ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കൽ | രൂപങ്ങളുടെ നിർമ്മാണം ജ്യോമെട്രിബോക്സ്, ഗണിത കേളി, ഗണിതപസിലുകൾ .. | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | CPTA |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | ഗണിതക്വിസ്, ഗണിത ശാസ്ത്രജ്ഞർ, ചാർട്ട് പാട്ടുകൾ, പഠനോല്പന്നങ്ങളുടെ പ്രദർശനം | വർഷാവസാനം | ക്ലാസ്ടീച്ചർ SRG | PTA |

| അക്കാദമികം | പരിസരപഠനം | | സ്കൂൾതലം | | |
|---|---|---|---|---|---|
| മേഖല അക്കാദമികം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| പ്രകൃതിനടത്തം | നിരീക്ഷണം അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ HM | |
| ശാസ്ത്രമൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | SSK CPTA |
| ഭൂപടമൊരുക്കാം | കേരളം, ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമാണം | വർഷത്തിലെല്ലാം | ക്ലാസ് ടീച്ചർ | CPTA |
| ശാസ്ത്രവിസ്മയച്ചുമർ | ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | CPTA |
| ശാസ്ത്രോത്സവം | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണങ്ങൾ പരീക്ഷണം, മോഡലുകൾ ഇവയുടെ പ്രദർശനം | വർഷാവസാനം | HM SRG ക്ലാസ് ടീച്ചർ | CPTA |
| ശാസ്ത്രമാസിക | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമാണം | വർഷാവസാനം | HM SRG ക്ലാസ് ടീച്ചർ | CPTA |

മേഖല : അക്കാദമികം    ഇംഗ്ലീഷ്    സ്കൂൾതലം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസത്തെ അസംബ്ലി ഇംഗ്ലീഷിൽ കണ്ടക്ട് ചെയ്യുക. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | എല്ലാ ദിവസത്തെയും ക്ലാസ് പ്രവർത്തനത്തെ ലഘു ഡയറിക്കുറിപ്പാക്കൽ | ദിവസവും | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗ്ഗാത്മകത വികസിപ്പിക്കൽ | പാഠഭാഗങ്ങളെ വിവിധ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | CPTA |
| ഇംഗ്ലീഷ് മാഗസിൻ | സർഗ്ഗാത്മക രചനാശേഷി വികസിപ്പിക്കൽ | രണ്ട് ടേമിലുമായി കുട്ടികളുടെ രചനകൾ മാഗസിനാക്കുക. | വർഷത്തിൽ 2 തവണ | HM SMC ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് കോർണർ | വായനാപരിപോഷണം | • വായനാമൂല സജ്ജീകരണം<br>• വായനാവേള ഒരുക്കൽ<br>• രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | Parents |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യൽ | • വായനാമത്സരം<br>• വിവിധ വ്യവഹാരരൂപങ്ങളുടെ അവതരണം<br>• സർഗ്ഗാത്മക കലാപരിപാടികൾ | വർഷാവസാനം | HM SRG PTA. | PTA |